(ഡി) 1996-97 മുതൽ 2003-2004 വരെ സംസ്ഥാനത്ത് കക്ക ഖനനം നടത്തിയതിൽ റോയൽറ്റി ഇനത്തിൽ മൊത്തം 2,01,94,054 രൂപ ലഭ്യമായിട്ടുണ്ട്. 1996-97 മുതലുള്ള ഓരോ സാമ്പത്തിക വർഷത്തേയും റോയൽറ്റി ഇനത്തിൽ ലഭിച്ച തുക ചുവടെ ചേർക്കുന്നു:

നമ്പർ	*സാമ്പത്തിക വർഷം*	*കക്കയിൽനിന്നുള്ള റോയൽറ്റി (രൂപ)*
1	1996-1997	15,40,275
2	1997-1998	38,21,228
3	1998-1999	17,27,000
4	1999-2000	14,51,503
5	2000-2001	26,47,379
6	2001-2002	32,81,449
7	2002-2003	28,62,420
8	2003-2004	28,62,800
	മൊത്തം	2,01,94,054

(ഇ—എഫ്) ഖനനത്തൊഴിലാളികളുടെ ക്ഷേമത്തിനായിട്ടുള്ള നിയമം 1952-ലെ മൈൻസ് ആക്ടിനനുസൃതമായി കേന്ദ്രസർക്കാർ 1955-ലെ മൈൻസ് റൂൾസ് മുഖേന നോട്ടിഫൈ ചെയ്തിട്ടുണ്ട്. കൂടാതെ 1966-ലെ മൈൻസ് വൊക്കേഷണൽ ട്രെയിനിംഗ് റൂൾസ് എന്ന നിയമവും കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമങ്ങൾ കേന്ദ്രസർക്കാരിന്റെ ഇൻഡ്യൻ ബ്യൂറോ ഓഫ് മൈൻസ് ആണ് നടപ്പിൽ വരുത്തുന്നത്. ഇത് കേന്ദ്ര വിഷയമായതിനാൽ ഇത് സംസ്ഥാന സർക്കാരിന് അധികാരപരിധിയില്ല.

കെ. എസ്. ഐ. ഡി. സി.-യിലെ വായ്പാ തുക

10 [2137] ശ്രീ. എം. പി. ഗംഗാധരൻ:

,, ജോർജ് ജെ. മാത്യു:

,, പി. ജെ. ജോയി:

,, എ. പി. അനിൽകുമാർ:

,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-3-2004-ലെ കണക്കനുസരിച്ച് കെ. എസ്. ഐ. ഡി. സി. എന്തു തുകയ്ക്കുള്ള വായ്പകളാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) അതിൽ പിരിഞ്ഞുകിട്ടുവാനുള്ള തുകയെത്ര;

LIBRARY ARCHIVES Kerala Legislative Assembly

(സി) 31-3-2004-ലെ കണക്കുപ്രകാരം പലിശ, പിഴപ്പലിശ എന്നീയിനങ്ങളിൽ എന്തുതുക ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 21-7-1961-ൽ നിലവിൽവന്നശേഷം 31-3-2004 വരെ കെ. എസ്. ഐ. ഡി. സി. വായ്പയായി നൽകിയിട്ടുള്ള ആകെ തുക 539.73 കോടി രൂപയാണ്.

(ബി) 31-3-2004-ലെ കണക്ക് പ്രകാരം പിരിഞ്ഞുകിട്ടാനുള്ള തുക (മുതൽ മാത്രം) 224.51 കോടി രൂപയാണ്.

(സി) പലിശയിനത്തിൽ 262.08 കോടി രൂപയും പിഴപ്പലിശയിൽ 22.79 കോടി രൂപയും ലഭിക്കാനുണ്ട്.

ടൂറിസം വ്യവസായമായി അംഗീകരിക്കുന്നത് സംബന്ധിച്ച്

11 [2138] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ടൂറിസം' വ്യവസായമായി അംഗീകരിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ കോപ്പി ലഭ്യമാക്കാമോ;

(സി) ടൂറിസം വ്യവസായമായി അംഗീകരിച്ചിട്ടുണ്ടെങ്കിൽ ടൂറിസം വ്യവസായം ആരംഭിക്കുന്നതിന് കെ. എസ്. ഐ. ഡി. സി-യും വ്യവസായ വകുപ്പിന് കീഴിലുള്ള ധനകാര്യ സ്ഥാപനങ്ങളും എന്തെല്ലാം വായ്പകളാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) പലിശ നിരക്കും വായ്പാതുകയും സംബന്ധിച്ച് വിശദ വിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. സർക്കാർ ഉത്തരവിന്റെ കോപ്പി അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.†

(സി) ടൂറിസം വ്യവസായം ആരംഭിക്കുന്നതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള ധനകാര്യ സ്ഥാപനമായ കെ. എസ്. ഐ. ഡി. സി.-ൽ നിന്നും ദീർഘകാല വായ്പകളും ബ്രിഡ്ജ് ലോണുകളും നൽകിവരുന്നുണ്ട്. (വിശദാംശങ്ങൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.) †

(ഡി) കെ. എസ്. ഐ. ഡി. സി.-യുടെ പലിശനിരക്ക് പുതിയ പദ്ധതികൾക്ക് 10 ശതമാനം ആണ്. വായ്പ തുക പരമാവധി 10 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുകയാണ്.

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly